"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- ആലുവ നഗരസഭയിലെ കണ്ടിജന്റ് വിഭാഗം ജീവനക്കാരനായിരുന്ന മരണപ്പെട്ട എ.കെ.കുട്ടപ്പന് ടിയാന്റെ മകളുടെ വിവാഹ ആവശ്യത്തിനായി അനുവദിച്ച നൽകിയിരുന്ന 25,000/- രൂപയിൽ അടവാക്കാൻ ബാക്കി ഉള്ള 11,688/- രൂപ എഴുതിതള്ളുന്നതിന് അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്

സ.ഉ.(സാധാ) നം.1168/2022/LSGD തീയതി,തിരുവനന്തപുരം, 07-05-2022

പരാമർശം:-

1. ആലുവ നഗരസഭയുടെ 28/06/21 ലെ 29-ാം നമ്പർ കൗൺസിൽ തീരുമാനം.
2. ആലുവ നഗരസഭ സെക്രട്ടറിയുടെ 26-8-2021 തീയതിയിലെ എ2-1689/04 നമ്പർ കത്ത്.
3. നഗരകാര്യഡയറക്ടറുടെ 20-10-2021 തീയതിയിലെ ജി2-16274/2021 നമ്പർ കത്ത്.

**ഉത്തരവ്**

ആലുവ നഗരസഭയിലെ കണ്ടിജന്റ് വിഭാഗം ജീവനക്കാരനായിരുന്ന എ.കെ.കുട്ടപ്പന് ടിയാന്റെ മകളുടെ വിവാഹ ആവശ്യത്തിനായി ആലുവ നഗരസഭയിൽ നിന്നും 17/05/2005 ലെ എ2-1689/04 നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ച നൽകിയിരുന്ന 25,000/- രൂപയിൽ പലിശ ഉൾപ്പെടെ 11,688/- രൂപ അടവാക്കാൻ ബാക്കി നിൽക്കെ ടിയാൻ 08/01/2009 ൽ സേവനത്തിലിരിക്കെ മരണപ്പെട്ടുപോയിട്ടുള്ളതുമാണ് എന്നും നഗരസഭ ഫണ്ടിൽ നിന്നും എടുക്കുന്ന വായ്പകൾ, വായ്പ എടുക്കുന്ന ജീവനക്കാരൻ മരണപ്പെട്ടുപോയാൽ അടവാക്കേണ്ടതില്ലെന്ന സർക്കാർ ഉത്തരവ് പ്രകാരം ഒഴിവാക്കി കിട്ടുന്നതിന് അദ്ദേഹത്തിന്റെ ഭാര്യ ശ്രീമതി.കാർത്തു 26/02/2021 ൽ നഗരസഭയിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ് എന്നും ആയതിന്റെ അടിസ്ഥാനത്തിൽ ടി വായ്പ എഴുതിതള്ളുന്നതിന് സർക്കാരിലേയ്ക്ക് ശുപാർശ ചെയ്യുന്നതിന് ആലുവ നഗരസഭ പരാമർശം (1) പ്രകാരം തീരുമാനിച്ചുവെന്നും വിവാഹധനസഹായ വായ്പയായി കൈപറ്റിയിരുന്ന തുക മുഴുവനായും മകളുടെ വിവാഹത്തിനു തന്നെ ഉപയോഗിച്ചതാണ് എന്ന് പരേതനായ എ.കെ.കുട്ടപ്പന്റെ ഭാര്യ ശ്രീമതി.കാർത്തു കുട്ടപ്പൻ സത്യവാംങ്മൂലം സമർപ്പിച്ചിട്ടുണ്ടെന്നും നഗരകാര്യഡയറക്ടർ പരാമർശം(3) പ്രകാരം അറിയിച്ചിരുന്നു.

2.സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ആലുവ നഗരസഭയിലെ കണ്ടിജന്റ് വിഭാഗം ജീവനക്കാരനായിരുന്ന എ.കെ.കുട്ടപ്പന് മകളുടെ വിവാഹ ആവശ്യത്തിനായി അനുവദിച്ച നൽകിയിരുന്ന വിവാഹ ധനസഹായ വായ്പയായ 25,000/- രൂപയിൽ അടവാക്കാൻ ബാക്കി ഉള്ള 11,688/- രൂപ ,ടിയാൻ 08/01/2009 ൽ സേവനത്തിലിരിക്കെ മരണപ്പെട്ടുപോയിട്ടുള്ളതിനാൽ ,എഴുതിതള്ളുന്നതിന് സർക്കാരിലേയ്ക്ക് ശുപാർശ ചെയ്യുന്നതിന്

ആലുവ നഗരസഭാ കൗൺസിൽ തീരുമാനിച്ച സാഹചര്യത്തിലും വിവാഹ ധനസഹായ വായ്പ തുക മുഴുവനായും ടിയാന്റെ മകളുടെ വിവാഹത്തിനു തന്നെ ഉപയോഗിച്ചു എന്ന് ടിയാന്റെ ഭാര്യ ശ്രീമതി.കാർത്തു സത്യവാങ്മൂലം സമർപ്പിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിലും മരണപ്പെട്ട എ.കെ.കുട്ടപ്പന്റെ മകളുടെ വിവാഹ ആവശ്യത്തിനായി എടുത്തിരുന്ന വിവാഹധനസഹായ വായ്പയിൽ ബാക്കിയുള്ള 11,688/- രൂപ എഴുതി തള്ളുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAISY PAUL
അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി,ആലുവ നഗരസഭ(നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ